# സംസ്കാരിക വിസ്മയങ്ങൾ അണിനിരന്നു; ആവേശവർണങ്ങൾ തീർത്ത് വള്ളംകളി ഘോഷയാത്ര

കേരളത്തിന്റെ സാസ്കാരിക പൈതൃകത്തിന്റെ പരിച്ഛേദമായി വീഥികൾ. നഗരത്തിലെ വിദ്യാലയങ്ങളിൽ നിന്നെത്തിയ കുരുന്നുകൾ വർണക്കുടയും ബലൂണുകളും കൊടിതോരണങ്ങളുമായി അണിനിരന്നതോടെ നഗരം നിറക്കൂട്ടായി. 64ാമത് നെഹ്റുട്രോഫി വള്ളംകളിയുടെ വരവറിയിച്ചുള്ള സാസ്കാരിക ഘോഷയാത്രയാണ് വഴിയോരങ്ങളെ വള്ളംകളിയുടെ പുളകച്ചാർത്ത് അണിയിച്ചത്. ഉച്ചകഴിഞ്ഞ് മൂന്നുമണിയോടെ ഇ.എം.എസ് സ്റ്റേഡിയത്തിൽ നിന്ന് തുടങ്ങിയ സാംസ്കാരിക ഘോഷയാത്ര ജില്ലാ പൊലീസ് മേധാവി എ.അക്ബർ ഫ്ളാഗ് ഓഫ് ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ, നഗരസഭാധ്യക്ഷൻ തോമസ് ജോസഫ്, വൈസ് ചെയർപേഴ്സൺ ബീനകൊച്ചുബാവ, നഗരസഭാംഗം ഡി.ലക്ഷ്മണൻ, മറ്റ് നഗരസഭാംഗങ്ങൾ, സാസ്കാരിക സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

മലയാളിയുടെ സാസ്കാരിക ഉത്സവമായ ഓണത്തിന്റെ വരവറിയിച്ച് മഹാബലിയാണ് ഘോഷയാത്രയുടെ മുന്നിൽ നടന്നുനീങ്ങിയത്. തൊട്ടുപിന്നാലെ കൊമ്പ്, ചേങ്ങില, ഇലത്താളം, ഇടയ്ക്ക തുടങ്ങിയുള്ള വാദ്യോപകരണങ്ങളുമായി പഞ്ചവാദ്യക്കാരും തുടർന്ന് ചെണ്ടമേളക്കാരും അണിനിരന്നു. കൂറ്റൻ കഥകളിവേഷക്കാരും മലബാറിന്റെ സാംസ്കാരിക തനിമ വിളിച്ചോതുന്ന തെയ്യങ്ങളും കാഴ്ചക്കാർക്ക് ആവേശം പകർന്നു. നീല, പച്ച, ചുവപ്പ് നിറങ്ങളിലുള്ള വർണക്കുട ചൂടിയാണ് ചില സ്കൂൾ വിദ്യാർഥികൾ എത്തിയത്. നഗരത്തിലെ സ്കൂളുകൾ , ബി.എഡ് കോളജ്, ടി.ടി.ഐ തുടങ്ങി മിക്ക വിദ്യാലയങ്ങളിൽ നിന്നും വിദ്യാർഥികൾ ജാഥയിൽ അണിനിരന്നു. സ്കൗട്ട് ആൻഡ് ഗൈഡ്സ്, എൻ.സി.സി., എസ്.പി.സി കേഡറ്റുകൾ എന്നിവരും ഘോഷയാത്രയുടെ ഭാഗമായി.

## കുഞ്ഞൻ തന്നെ താരം

ഇന്നലെ നഗരത്തിൽ നടന്ന നെഹ്റുട്രോഫി സാംസ്കാരിക ഘോഷയാത്രയിൽ താരമായത് ഇത്തവണത്തെ ഭാഗ്യ ചിഹ്നമായ കുട്ടിക്കൊമ്പൻ ‘കുഞ്ഞൻ’. നഗരത്തിലെ പല സ്കൂളുകളിൽ നിന്നും എത്തിയ വിദ്യാർഥികൾ കുഞ്ഞന്റെ ചിത്രം പതിച്ച പ്ലക്കാർഡുകളുമായാണ്

എത്തിയത്. നഗരത്തിലെ മറ്റൊരു സ്കൂള്‍ റിയോ ഒളിമ്പിക്സിലെ ഇന്ത്യയുടെ പ്രതീക്ഷകളായ കായികതാരങ്ങളുടെ പോസ്റ്ററുമായെത്തിയത് വേറിട്ട കാഴ്ചയായി. ഘോഷയാത്രയില്‍ സ്ത്രീശാക്തീകരണവും ജനാധപത്യവും സ്ത്രീകള്‍ക്കെതിരെയുള്ള അതിക്രമവും എല്ലാ വിഷയമാക്കിയുള്ള ടാബ്ലോകളും അണിനിരന്നു. സ്കേറ്റിങ് അസോസിയേഷന്‍ ആലപ്പുഴയുടെ കീഴില്‍ വിദ്യാര്‍ഥികള്‍ അവതരിപ്പിച്ച റോളര്‍ സ്കേറ്റിങ് ഘോഷയാത്രയ്ക്ക് ആവേശം കുട്ടി.

(പി.എന്‍.എ. 1444/16)